Received at 3.50 pm on 27 12 2012

# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1389 — 13.12.2012-ൽ മറുപടി നൽകേണ്ടിയിരുന്നത് (അന്തിമ മറുപടി)

**പുല്ലിക്കടവ് കല്ലംപാറ, പുല്ലിക്കടവ് പെരുമുഖം റോഡുകളുടെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പുല്ലിക്കടവ് കല്ലംപാറ, പുല്ലിക്കടവ്-പെരുമുഖം റോഡുകൾ വീതി കൂട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) പുല്ലിക്കടവ് - കല്ലംപാറ റോഡ് എന്ന പേരിൽ ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡ് ഇല്ല. ആസ്തി രജിസ്റ്റർ പ്രകാരം യഥാക്രമം 2 മീറ്റർ വീതിയും 665 മീറ്റർ നീളവുമുള്ള പുല്ലിക്കടവ്-അയ്യമ്പാക്കി, 3.7 മീറ്റർ വീതിയും 360 മീറ്റർ നീളവുമുള്ള അയ്യമ്പാക്കി-പുല്ലിക്കടവ് എന്നീ റോഡുകൾ വീതി കൂട്ടുന്നതിന് ഗ്രാമപഞ്ചായത്തിന് പദ്ധതികൾ നിലവിലില്ല.<br><br>ഫറോക്ക് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപ്പെട്ട നിലവിൽ 6 മീറ്റർ വീതിയും 2 കി.മീറ്റർ നീളവുമുള്ള പുല്ലിക്കടവ് പെരുമുഖം റോഡ് വീതി കൂട്ടുവാനും ഫറോക്ക് ഗ്രാമ പഞ്ചായത്തിന് പ്രോജക്ടുകൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| | | | മലപ്പുറം, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് പുല്ലിപ്പുഴയ്ക്ക് കുറുകെ പുല്ലിക്കടവിൽ പൊതുമരാമത്ത് വകുപ്പ് പുതിയ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി അപ്രോച്ച് റോഡിനു വേണ്ടി 8 മീറ്റർ വീതിയിൽ 100 മീറ്ററോളം പുല്ലിക്കടവ്-പെരുമുഖം റോഡിൽ അക്വയർ ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ